## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 234. 05.05.2017 -ലെ മറുപടിക്ക്.

### തൊഴിലാളി ക്ഷേമത്തിന് പ്രാമുഖ്യം നൽകുന്ന തൊഴിൽ നയം രൂപീകരിക്കാൻ നടപടി

ചോദ്യം

**ശ്രീ. വി. അബ്ദുറഹിമാൻ:**
**ശ്രീ. എ. പ്രദീപ്കുമാർ**
**ശ്രീ. കെ. സുരേഷ് കുറുപ്പ്**
**ശ്രീ. ജോൺ ഫെർണാണ്ടസ്**

മറുപടി

**ശ്രീ. ടി. പി. രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം യു.പി.എ. സർക്കാർ തുടർന്നുവന്ന തൊഴിലാളിവിരുദ്ധ നിലപാടുകൾ തീവ്രമാക്കിയതിനെ തുടർന്ന് സംഘടനാ ഭേദമെന്യ തൊഴിലാളികൾ ദേശീയ തലത്തിൽ സംയുക്തമായി പണിമുടക്കിന് നിർബന്ധിതരായ സ്ഥിതി കണക്കിലെടുത്ത് സംസ്ഥാനത്ത് തൊഴിലാളിക്ഷേമത്തിന് പ്രാമുഖ്യം നൽകുന്ന തൊഴിൽ നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാന തൊഴിൽ നയത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടിനും നയരൂപീകരണത്തിനുമായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) ഉണ്ട്. കരട് തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) തൊഴിൽ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ആധുനിക സങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്താനുള്ള തൊഴിൽ വകുപ്പിന്റെ നീക്കം തൊഴിലാളികൾക്ക് എങ്ങനെ പ്രയോജനപ്രദമാകാനിടയുണ്ടെന്ന് അറിയിക്കാമോ? | (സി) ഗ്രേഡിംഗ് നടപ്പിലാക്കുന്നതിലൂടെ തൊഴിലാളികൾക്ക് അർഹമായ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കുകവഴി സ്ഥാപനത്തോട് കൂറ് വർദ്ധിക്കുകയും തൊഴിലാളി-തൊഴിലുടമാ ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനുള്ള സാഹചര്യം ഒരുങ്ങുകയും ഔദ്യോഗിക അംഗീകാരം ലഭിച്ച സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സാമൂഹ്യ |

| | |
|---|---|
| | പദവി ഉയർത്തപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും. ഇത് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നു. മേൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഗ്രേഡിംഗ് സംവിധാനം ആത്യന്തികമായി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും സാമൂഹിക സുസ്ഥിരതക്കും കാരണമായിത്തീരും, |

സെക്ഷൻ ഓഫീസർ

അനുബന്ധം

തൊഴിൽ വകുപ്പിനു കീഴിൽ വരുന്ന ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പെർമിറ്റ്, എന്നിവ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഫാക്ടറി ഉടമകൾക്ക് ഓൺലൈൻ വഴി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഫാക്ടറികളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിശോധന നടത്തുന്നതിന് വെബ് എനേബിൾഡ് റിസ്ക് വെയിറ്റ് ഇൻസ്പെക്ഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിലെ ഫയൽ പ്രോസസിംഗും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

ഐ.റ്റി. സാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിനായി ഒരു ഐ.റ്റി. ഡിവിഷൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിലെ എല്ലാ സ്ഥാപനങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കംപ്യൂട്ടർ നെറ്റ് വർക്കിംഗ് സംവിധാനം(ഇന്റർനെറ്റ് അധിഷ്ഠിതമായി), ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ e-office സംവിധാനം, എല്ലാ സ്ഥാപനങ്ങളിലും Electronic Attendance സംവിധാനം എന്നിവ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗികളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം പ്രോസസ് ചെയ്യുന്നതിന് സോഫ്റ്റ് വെയർ ഐ.റ്റി.ഡിവിഷൻ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ ഡയറക്ടറേറ്റിൽ മാത്രം പ്രവർത്തിക്കുന്ന ഈ സംവിധാനം വൈകാതെ തന്നെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളിലേയ്ക്കും ഡിസ്പെൻസറികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയിം തുക നൽകുന്നത് അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്. എല്ലാ ആശുപത്രികളിലും എക്സ്റേ ഡിജിറ്റലൈസ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തൊഴിലാളികളെയും തൊഴിലാളി സംഘടനാ പ്രതിനിധികളെയും ഇൻഫർമേഷൻ ടെക്നോളജിയിൽ പ്രാവീണ്യമുള്ളവരായി മാറ്റുന്നതിനുള്ള പരിശീലന പരിപാടി കിലെയുടെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്) നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. കിലെയുടെ ആസ്ഥാനത്ത് ഒരു കംപ്യൂട്ടർ ട്രെയിനിംഗ് ഹാൾ സജ്ജീകരിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. കിലെയുടെ ലൈബ്രറി കൂടി കംപ്യൂട്ടർവൽക്കരിച്ച് കൂടുതൽ സൗകര്യത്തോടെ പ്രാപ്തമാക്കുന്നതിനുള്ള നടപടിയും നടന്നുവരുന്നു.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിലെ 34 ഐ.ടിഐ. കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കി. എഞ്ചിനീയറിംഗ് ഡ്രോയിംഗ് , മെക്കാനിക് മോട്ടോർ

വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷൻ, ഫിറ്റർ, ടർണ്ണർ, മെഷീനിസ്റ്റ് എന്നീ ട്രേഡുകളിൽ ത്രീ - ഡി ഇന്ററാക്റ്റീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. ഐ.ടിഐ കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി മാരുതി സുസുകി, വോക്സ് വാഗൺ, ടയോട്ട കിർലോസ്കർ ലിമിറ്റഡ്, മഹീന്ദ്ര & മഹീന്ദ്ര, സാംസങ് തുടങ്ങിയ കമ്പനികളുമായി വിവിധ ഐ.ടി.ഐ കൾ ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും ഓൺലൈൻ സേവനങ്ങളും പൊതുജനങ്ങൾക്ക് എളുപ്പത്തിലും സുതാര്യമായും എത്തിക്കുന്നതിനുവേണ്ടി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം എന്ന ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി എന്ന ഓൺലൈൻ സോഫ്റ്റ് വെയറും ലേബർ കമ്മീഷണറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ വകുപ്പിന്റെ പ്രവർത്തനങ്ങൾ, അറിയിപ്പുകൾ, ഉത്തരവുകൾ, മറ്റ് വിവരങ്ങൾ എന്നിവ പൊതുജനങ്ങളിലേക്ക് സുഗമമായി വേഗത്തിൽ എത്തിക്കുന്നതിനുവേണ്ടി www.lc.kerala.gov.in എന്ന വെബ്സൈറ്റും പ്രവർത്തിച്ചുവരുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽകൃതമാണ്. 35 ലക്ഷത്തിൽപ്പരം വരുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് രജിസ്ട്രേഷൻ, റിന്യൂവൽ, അധികയോഗ്യത ചേർക്കൽ, റീ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, സ്പെഷ്യൽ റിന്യൂവൽ മുതലായ ജോലികൾ ചെയ്തുവരുന്നു. 03/05/2017- ൽ കേരളമൊട്ടാകെ ഓൺലൈൻ സോഫ്റ്റ് വെയർ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ ആർക്കും എവിടെ നിന്നും, അധികയോഗ്യത, രജിസ്ട്രേഷൻ പുതുക്കൽ, ചേർക്കൽ മുതലായ കാര്യങ്ങൾ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ